ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 63
No.: 9
September 2020



www.ernakulamarchdiocese.org







# അതിരൂപത ശതോത്തര
# രജതജൂബിലി ഉത്ഘാടനം

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL

# എറണാകുളം മിസ്സം

BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ - എട്ടുനോമ്പാചരണം |
| 7. | സിനഡ് അനന്തര സർക്കുലർ |
| 14. | ലേഖനം - ശതോത്തര രജത ജൂബിലി |
| 20. | കച്ചേരിക്കാര്യം |
| 23. | AICO News |
| 24. | വാർത്തകളും വിശേഷങ്ങളും |
| 25. | നിര്യാതരായി |
| 26. | ക്യാറ്റിക്കിസം |
| 28. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 30. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 32. | കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി |
| 34. | നൈപുണ്യ ഇന്റർനാഷണൽ |


**Editor: Fr. Varghese Perumayan**

Volume : **63**
Issue No. : **9**
Month : **September 2020**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Moothedan Gheevarghese, Meloor | | | 2-9-1903 |
| Fr. Pudissery Louis, Vaikom | 1890 | 1919 | 2-9-1975 |
| Fr. Thekkeperayil Joseph, Vaikom | 1926 | 1955 | 2-9-2008 |
| Fr. Vadakumchery Joseph, Rajagiri | 1929 | 1952 | 2-9-2014 |
| Fr. Payyappilly Antony, Aluva | 1930 | 1955 | 3-9-2005 |
| Fr. Kudiyiruppil Jacob, Mattoor | 1893 | 1922 | 4-9-1978 |
| Fr. Pallippadan Joseph, Manjapra | 1933 | 1961 | 4-9-2003 |
| Fr. Payyappilly Ouseph, Akaparambu | 1880 | 1905 | 5-9-1961 |
| Fr. Mekkunnel Paulose, Nakapuzha | 1883 | 1911 | 6-9-1956 |
| Fr. Annassery Joseph, Vaikom | 1901 | 1930 | 6-9-1958 |
| Fr. Manjaly Kuriakose, Kanjoor | 1924 | 1953 | 6-9-2004 |
| Fr. Thachil Paul, Kuthiathodu | 1897 | 1922 | 7-9-1971 |
| Fr. Airookkaran Paul, Sehiyonpuram | 1932 | 1959 | 7-9-1994 |
| Fr. Parakkal Devassy, Kizhakkambalam | 1887 | 1915 | 8-9-1965 |
| Fr. Thattil Varghese, Chowara | 1941 | 1967 | 8-9-2006 |
| Fr. Thachil Joseph, N. Kuthiathode (New) | 1938 | 1964 | 8-9-2016 |
| Fr. Valliarumpeth (Panakal) Joseph, Vallakom | 1864 | 1895 | 9-9-1930 |
| Fr. Vettikkappilly Jacob, Vaikom | 1856 | 1897 | 9-9-1930 |
| Fr. Thaliath Joseph, Puthenpally | 1882 | 1908 | 10-9-1952 |
| Fr. Moonjely Thomas, Puthenpally | 1888 | 1913 | 10-9-1970 |
| Fr. Thaliath Varkey TOCD, Puthenpally | 1837 | 1865 | 11-9-1926 |
| Fr. Paremakkal Joseph, Vadayar | 1892 | 1919 | 11-9-1955 |
| Fr. Vattoly Thomas, Kadukutty | 1893 | 1925 | 13-9-1954 |
| Fr. Puthiyaveliyil Thomas, Chalil | 1933 | 1962 | 13-9-2011 |
| Fr. Kandathil Thomas, Chempu | 1903 | 1933 | 16-9-1984 |
| Fr. Palathunkal Paulose, Thripunithura | 1874 | 1902 | 19-9-1947 |
| Fr. Chirackal Manavalan Varghese, Kuthiathode (Old) | 1907 | 1932 | 21-9-1975 |
| Fr. Kudiyiruppil Gervasis, Mattoor | 1859 | 1894 | 23-9-1942 |
| Fr. Kandathil Anthapai, Chembu | 1900 | 1930 | 24-9-1972 |
| Fr. Manjooran Raphael TOCD, Chakkarakadavu | 1852 | 1879 | 25-9-1918 |
| Fr. Thottunkal Mathew, Pazhanganad | 1911 | 1949 | 25-9-1974 |
| Fr. Thottappilly Mathew, Vadayar | 1945 | 1975 | 25-9-1993 |
| Fr. Vadakumchery Kuriakose, Manjapra | 1902 | 1930 | 26-9-1973 |
| Fr. Puthenangady Paul, Chowara | 1950 | 1974 | 29-9-2013 |
| Fr. Paravara Peter, Thripunithura | 1906 | 1935 | 30-9-1974 |

Prot. No. 0989/2020 24.08.2020

## സർക്കുലർ

# എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയും കുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെ

ല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

കാർഡിനൽ ജോർജ്ജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

.............................................

N.B.: ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കുന്നതിനായും, വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് മറ്റ് സംവിധാനങ്ങളിൽക്കൂടിയും അറിയിപ്പായും അയച്ചുകൊടുത്തിട്ടുള്ളത്.

Prot. No. 1008 /2020

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

സീറോമലബാർസഭയിലെ മെത്രാന്മാരുടെ 28-ാമത് സിനഡിന്റെ രണ്ടാം സമ്മേളനം 2020 ആഗസ്റ്റ് 18 മുതൽ 21 വരെ നാലു ദിവസങ്ങളിൽ നടന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രത്യേക അനുമതി പ്രകാരം സഭാചരിത്രത്തിൽ പ്രഥമമായി ഓൺലൈനായാണ് സിനഡ് സമ്മേളിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളിലും സേവനം ചെയ്യുന്നവരും ഔദ്യോഗിക ശുശ്രൂഷയിൽ നിന്നു വിരമിച്ചവരും ഉൾപ്പെടെ 62 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. സഭാപരവും രാഷ്ട്രീയവും കാർഷികവുമായ മേഖലകളിലെ കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ച ചെയ്തു സിനഡ് പ്രായോഗികമായ തീരുമാനങ്ങൾ എടുത്തു.

## കോവിഡ് കാലത്തെ അജപാലനം

കോവിഡ്-19 എന്ന മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സഭ പൂർണ്ണ പിന്തുണ അറിയിച്ചു. കൊറോണ വൈറസ് ബാധയാൽ മരണമടഞ്ഞ എല്ലാവരെയും അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളുടെ വേദനയിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേരുകയും ചെയ്തു. രോഗബാധിതരാവുകയോ മരണമടയുകയോ ചെയ്ത എല്ലാ ആരോഗ്യപ്രവർത്തകരെയും ക്രമസമാധാന പാലകരെയും സിനഡ് പ്രത്യേകം അനുസ്മരിച്ചു.

സമൂഹത്തിന്റെ സകലമേഖലകളെയും ബാധിച്ച കോവിഡ്-19 സഭയുടെ അജപാലനരംഗത്തും പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി സിനഡ് വിലയിരുത്തി. കൂദാശകളുടെ പരികർമ്മത്തിനും മതബോധനത്തിനും ഓൺലൈൻ മാർഗ്ഗങ്ങൾ അവലംബിക്കേണ്ട സാഹചര്യമാണ് കോവിഡുമൂലം സംജാതമായത്. കുടുംബങ്ങളെ ദൈവാലയങ്ങളാക്കി മാറ്റി ഒത്തിരിയേറെ കുടുംബങ്ങൾ കോവിഡുകാലത്ത് ആധ്യാത്മിക ജീവിതത്തിൽ വളർന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, ആരാധനാലയങ്ങൾ തുറക്കാൻ സർക്കാരിന്റെ അനുവാദം ലഭിച്ചശേഷവും ഓൺലൈൻ കുർബ്ബാനകളിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത ഗുണകരമല്ല. ദൈവാലയത്തിലെത്തി വിശുദ്ധകുർബ്ബാനയിൽ നേരിട്ടുപങ്കുചേർന്ന് ഈശോയെ ദിവ്യകാരുണ്യമായി സ്വീകരിക്കുമ്പോഴാണ് വിശുദ്ധ കുർബ്ബാനയർപ്പണം അർത്ഥപൂർണ്ണമാകുന്നത്. ഓൺലൈൻ കുർബ്ബാനകളെ ഇതിനുതുല്യം പ്രാധാന്യമുള്ളതായി കരുതുന്നത് ശരിയല്ല. കോവിഡ് വ്യാപനം മൂലം നിരോധിതമേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങളിലുള്ളവർക്കു ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആഴ്ചവട്ടത്തിലെ ഏതെങ്കിലുമൊരു ദിവസം ദൈവാലയത്തിലർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ അവർ പരിശ്രമിക്കണമെന്ന കാര്യം സിനഡ് ഓർമ്മിപ്പിച്ചു.

രോഗങ്ങളും മഹാമാരികളും നമ്മെ നിരാശയിലേയ്ക്ക് നയിക്കാതെ മാനസാന്തരവഴികളിലൂടെ ദൈവസന്നിധിയിലേക്ക് തിരിച്ചുനടക്കാൻ പ്രേരിപ്പിക്കണം. കോവിഡ് പ്രതിസന്ധിയിലും ഇതുതന്നെയായിരിക്കണം നമ്മുടെ മനോഭാവം. നമ്മുടെ ആത്മീയപ്രതിരോധത്തിന്റെ ഭാഗമായി ഈ വർഷത്തെ എട്ടു നോമ്പ് തീക്ഷ്ണതയോടെ ആചരിക്കുന്നതിനു ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രത്യേക സർക്കുലർ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. അതോടൊപ്പം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനാദിനമായി ആചരിക്കാനും ഈ നിയോഗംവച്ച് നമ്മുടെ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും പ്രത്യേക വിശുദ്ധ കുർബാനയർപ്പിക്കാനും നിർദേശിച്ചിരുന്നു. വൻശക്തികളായ രാഷ്ട്രങ്ങളും സമർദ്ധരായ ശാസ്ത്രജ്ഞരും കോവിഡിന് മുന്നിൽ പകച്ചുനിൽക്കുമ്പോൾ ദൈവകരുണയ്ക്കുവേണ്ടിയുള്ള തീക്ഷ്ണമായ പ്രാർത്ഥനകൾ നമുക്കു തുടരാം. രോഗവ്യാപനം ശമിക്കുന്നതിനും അനുയോജ്യമായ ഔഷധങ്ങൾ കണ്ടെത്തുന്നതിനും

ദൈവിക ഇടപെടൽ വേഗത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**മൃതശരീരങ്ങളുടെ ദഹിപ്പിക്കൽ**

മൃതശരീരങ്ങൾ സംസ്ക്കരിക്കുന്നതാണ് സഭയുടെ സാധാരണരീതിയെങ്കിലും പ്രത്യേക സന്ദർഭങ്ങളിലും പകർച്ചവ്യാധികളുടെ കാലത്ത് വിശേഷിച്ചും മൃതശരീരങ്ങൾ ദഹിപ്പിക്കാൻ സഭയിൽ അനുവാദം ഉള്ളതാണ്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ടു മൃതശരീരങ്ങൾ ദഹിപ്പിക്കാനും സംസ്കരിക്കാനും എല്ലാ രൂപതകളും പരിശീലനം സിദ്ധിച്ച പ്രത്യേക സന്നദ്ധസേന രൂപീകരിച്ചത് മാതൃകാപരമാണ്. മൃതശരീരങ്ങൾ ദഹിപ്പിക്കാനുള്ള ക്രമറ്റോറിയങ്ങൾ രൂപതാതലത്തിലോ അതിരൂപതാതലത്തിലോ ക്രമീകരിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് സിനഡ് നിർദ്ദേശിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ എല്ലാ കർമ്മങ്ങളും പൂർത്തിയാക്കി ഇത്തരം സ്ഥലങ്ങളിൽ ദഹിപ്പിച്ചശേഷം ലഭിക്കുന്ന വിഭൂതി സെമിത്തേരികളിൽ സൂക്ഷിക്കേണ്ടതാണ്.

**സർക്കാർ നയങ്ങളിലെ വിവേചനം**

ന്യൂനപക്ഷാവകാശങ്ങൾ നൽകുന്നതിൽ നിലവിലുള്ള 80:20 എന്ന അനീതിപരമായ അനുപാതം തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ സിനഡ് പ്രതിഷേധമറിയിച്ചു. ന്യൂനപക്ഷ കമ്മീഷന്റെ ജില്ലാതല പ്രതിനിധികളെ തിരഞ്ഞെടുത്തതിൽ നിലനിൽക്കുന്ന അനീതിയും പരിഹരിക്കപ്പെടേണ്ടതാണ്. സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള 10% സംവരണം പി.എസ്.സി. റാങ്കുലിസ്റ്റ് ഉൾപ്പെടെ എല്ലാ മേഖലകളിലും നടപ്പിലാക്കാൻ സത്വരനടപടികൾ സമയബന്ധിതമായി സർക്കാർ സ്വീകരിക്കണം. മാറിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സീറോമലബാർസഭാംഗങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചു പഠിക്കുന്നതിനും പ്രതിവിധികൾ കണ്ടെത്തുന്നതിനും ഒരു പ്രത്യേക കമ്മീഷനെ നിയോഗിക്കണമെന്ന് സർക്കാരിനോട് ഔദ്യോഗികമായി ആവശ്യപ്പെടാനും സിനഡ് തീരുമാനിച്ചു.

**കാർഷികപ്രതിസന്ധി**

തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും രൂക്ഷമായ വന്യമൃഗശല്യങ്ങളുംമൂലം കർഷകർ അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലൂടെയാണു കടന്നുപോകുന്നത്. ഉല്പന്നങ്ങളുടെ വലിയ വിലത്തകർച്ച

കർഷകരുടെ നിലനില്പിനെത്തന്നെ അപകടത്തി ലാക്കിയിരിക്കുകയാണ്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ജനവാസമേഖലകളെ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഉൾപ്പെടുത്തി നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് വീണ്ടും ഉണ്ടാകുന്നതിന് എതിരെ സിനഡ് ശക്തമായ എതിർപ്പു രേഖപ്പെടുത്തി. വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച പത്തനംതിട്ട ജില്ലയിലുള്ള ചിറ്റാറിലെ പി.പി. മത്തായിയുടെ മൃതസംസ്കാരം നടത്തുന്നതിനു അനുകൂലമായ സാഹചര്യം ഒരുക്കിക്കൊണ്ടു ആ കുടുംബത്തിന് നീതിലഭ്യമാക്കണമെന്നു സിനഡ് സർക്കാരിനോട് ആവശ്യപ്പെട്ടു. കാർഷികവായ്പകളുടെ പലിശയെങ്കിലും എഴുതിത്തള്ളി കർഷകരെ സഹായിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ടു വരണം. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ മാത്രം ഒതുക്കി നിർത്തി കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ക്രിയാത്മകമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്കുണ്ടാകുന്ന ഭീമമായ നഷ്ടം നികത്താൻ സർക്കാർ ആത്മാർത്ഥമായി ഇടപെടണമെന്നും സിനഡ് ആവശ്യപ്പെട്ടു.

### ദരിദ്രർക്കു സഹായം

ഭക്ഷണമില്ലാത്തവർക്കു ഭക്ഷണമുറപ്പാക്കാൻ സഭാസംവിധാനങ്ങൾ ആവശ്യമായ നടപടിയെടുക്ക ണമെന്ന് സിനഡ് പ്രത്യേകം ആഹ്വാനം ചെയ്തു. ദരിദ്രരുടെ പക്ഷംചേർന്ന് അവരുടെ വിശപ്പകറ്റിയ ഈശോയുടെ മാതൃകയിൽ ദരിദ്രരോടൊപ്പം നിൽക്കാനും ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്യുന്ന ദരിദ്രരുടെ പക്ഷത്തുനിൽക്കുന്ന ദരിദ്രയായ സഭ എന്ന ആശയം പ്രയോഗവൽക്കരിക്കാനുമുള്ള സമയമായി കോവിഡ് പകർച്ചവ്യാധിയുടെ ഈ സാഹചര്യത്തെ കണക്കാക്കണം. സർക്കാരിന്റെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സീറോ മലബാർസഭ പൂർണ്ണമായ പിന്തുണ നല്കുന്നുണ്ട്. സഭയുടെ വിവിധ രൂപതകളിലെയും സമർപ്പിതസമൂഹങ്ങളിലെയും സാമൂഹികസേവന വിഭാഗങ്ങൾ വഴി 53.3 കോടി രൂപയുടെ സഹായ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ് മഹാമാരി ആശങ്കാജനകമായി വ്യാപിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും പട്ടിണിയും വ്യാപിക്കുന്നതായി സിനഡ് വിലയിരുത്തി. സർക്കാർ സംവിധാനങ്ങളുടെ മാത്രം ഇടപെടലുകൾകൊണ്ട് ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ പാവപ്പെട്ടവരുടെ കാര്യത്തിൽ സഭയ്ക്കു സവിശേഷമായ ശ്രദ്ധയുണ്ടാകണം. ഓരോ ഇടവകയും സഭാസ്ഥാപനവും സംഘടനയും തങ്ങൾക്കു ചുറ്റുമുള്ള നാനാജാതിമതസ്ഥരുടെ ദാരിദ്ര്യപൂർണ്ണമായ ജീവിതസാഹചര്യങ്ങളെ ഗൗരവമായി പരിഗണിക്കണം. തങ്ങളുടെ ചുറ്റുമുള്ള ദാരിദ്ര്യമനുഭവിക്കുന്നവർക്കു ഭക്ഷണം ഉറപ്പാക്കാൻ സഭാംഗങ്ങൾ എല്ലാവരും ശ്രദ്ധ ചെലുത്തണമെന്നു സിനഡ് ആഗ്രഹിക്കുന്നു.

ഓരോ ഇടവകാതിർത്തിയിലും പട്ടിണിനേരിടുന്ന ഭവനങ്ങളെ കണ്ടെത്താനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതുണ്ട്. അവർക്കു ഭക്ഷണലഭ്യത ഉറപ്പുവരുത്താനുള്ള കാര്യക്ഷമവും പ്രായോഗികവുമായ സംവിധാനങ്ങൾ ക്രമീകരിക്കണം. പള്ളികളുടെ മുൻഭാഗത്തുള്ള മോണ്ടളത്തിൽ അരിയും പയറും മറ്റ് അവശ്യഭക്ഷ്യസാധനങ്ങളും അടങ്ങിയ കിറ്റുകൾ തയ്യാറാക്കിവയ്ക്കുന്ന പതിവു നമ്മുടെ സഭയിലെ പല ഇടവകകളിലും നിലവിലുണ്ട്. ഈ പദ്ധതി സാധിക്കുന്നിടത്തോളം സഭമുഴുവനിലും ഫലപ്രദമായി നടപ്പിലാക്കാൻ പരിശ്രമിക്കണം. ഭക്ഷണകാര്യങ്ങളിൽ ബുദ്ധിമുട്ടനു ഭവിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ ആരുടെയും അനുവാദം കൂടാതെ എടുത്തു കൊണ്ടുപോകാനുള്ള അവസരം ഇതുവഴി ഒരുക്കാവുന്നതാണ്.

സാഹോദര്യവും മാനവികതയും പ്രടമാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക എന്നതാണ്. “എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു” (മത്താ.25:35) എന്ന് അന്ത്യനാളിൽ ഈശോയുടെ സ്വരം കേൾക്കാനിടയാകത്തക്കവിധം ഇന്നു ദരിദ്രരുടെ നിലവിളിക്കു നമുക്ക് ചെവികൊടുക്കാം. വിശക്കുന്ന വയറുകളോട് ഈശോ കാണിച്ച കരുതൽ നമ്മുടെ എല്ലാ ഇടവകകളിലും പ്രായോഗിക പദ്ധതികളായി രൂപപ്പെടണം. അതിനുവേണ്ടി നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വരുമാനം ഉപയോഗിക്കുവനുള്ള കടമയെക്കുറിച്ചും സിനഡ് ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിച്ചു.

### വൈദികപരിശീലനം

കോവിഡ് 19-ന്റെ കാലത്തു വൈദികപരിശീലനം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് സിനഡു ചർച്ചചെയ്തു. ഓരോ സെമിനാരിയിലെയും പ്രത്യേക സാഹചര്യം പരിഗണിച്ചു ഡീക്കന്മാരുടെ പരിശീലനം പൂർത്തിയാക്കുന്നതിനനുസൃതമായി അവരുടെ തിരുപ്പട്ടസ്വീകരണത്തിന്റെ സമയം ക്രമീകരിക്കുന്നതിന് രൂപതാധ്യക്ഷന്മാരെയും സമർപ്പിത സമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരെയും സിനഡ് ചുമതലപ്പെടുത്തി. വൈദികപരിശീലനം പരമപ്രധാനമാകയാൽ സെമിനാരികളിലെ അധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് കൂടുതൽ സഭാത്മകമായ മാനദണ്ഡങ്ങൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

### യാമപ്രാർത്ഥനകൾ

സഭയിലെ യാമപ്രാർത്ഥനകളുടെ പരിഷ്കരണത്തിന് ആരാധനാക്രമ കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സിനഡ് അംഗീകരിച്ചു. പരിഷ്കരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന്റെ ഡ്രാഫ്റ്റ് അടുത്ത സിനഡിൽ വിശദമായി ചർച്ചചെയ്യാനും തീരുമാനമായി. സഭയുടെ കൂട്ടായ്മയും ഐക്യവും പൂർവ്വാധികം ശക്തമാക്കാനുള്ള പരിശ്രമങ്ങൾ എല്ലാതലങ്ങളിലും വ്യാപിപ്പിക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു.

### ആദരാഞ്ജലികൾ

ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും ജീവനും സ്വത്തും നഷ്ടപ്പെട്ടവരെയും കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തിൽ മരണമടഞ്ഞവരെയും സിനഡ് പ്രാർത്ഥനാപൂർവ്വം അനുസ് മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

### ഉപസംഹാരം

ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയലമർന്നു ഞെരുങ്ങുന്ന ഈ സന്ദർഭത്തിൽ കൂടുതൽ ഉണർവ്വോടും ഉത്സാഹത്തോടും കൂടി പ്രാർത്ഥിക്കാനും കാരുണ്യപ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടുകൂടി വ്യാപരിക്കാനും സഭാതനയരേവരെയും സ്നേഹപൂർവ്വം

ആഹ്വാനം ചെയ്യുന്നു. തിരുസഭാമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്കപേക്ഷിക്കാം.

സ്നേഹാശംസകളോടെ,

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020 -ാം ആണ്ട് സെപ്റ്റംബർ മാസം 1-ാം തിയതി നൽകപ്പെട്ടത്.

..................................................................

ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 സെപ്റ്റംബർ മാസം 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# ശതോത്തര രജത ജൂബിലി നിറവിലേക്ക് എറണാകുളം-അങ്കമാലി അതിരൂപത

*2020 ജൂലൈ 28-ന് ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച, എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവിന്റെ ലേഖനം*

നന്ദിയോടെ പിന്നിലേക്കും പ്രതീക്ഷയോടെ മുന്നിലേക്കും ഹൃദയമിഴികൾ ഒരേസമയം തുറന്നു കിട്ടുമ്പോൾ ജൂബിലി വർഷം തുടങ്ങുകയായി. ഭൂത-ഭാവി കാലങ്ങളേക്കുറിച്ചുള്ള ഓർമ്മകളുടെ ആത്മീയബലികളർപ്പിക്കാൻ അനുദിനജീവിതത്തിന്റെ പതിവുതിരക്കുകളിൽനിന്ന് ഒരു വർഷം നീളുന്ന ഒഴിവുകാലമെടുക്കണമെന്ന് മനുഷ്യരോട് കല്പിച്ചത് ദൈവമായ കർത്താവാണ്. ഭൂമിയും അതിലുള്ളതുമെല്ലാം കർത്താവിന്റേതാകയാൽ (സങ്കീ. 24:1) സ്വന്തമവകാശസ്ഥലത്തേക്ക് തിരിച്ചുപോകുന്നവരെല്ലാം നടന്നടുക്കുന്നത് ദൈവത്തിലേക്ക് തന്നെയാണ്. ആത്മീയാശ്വാസം ഉറവയെടുക്കുന്ന ദൈവമേഖലയിലിരുന്ന് ഉദാരമായി നന്ദി പറയാനും ഹൃദയപൂർവ്വം മാപ്പുചോദിക്കാനും ആർദ്രതയോടെ പൊറുക്കാനും പ്രതീക്ഷയോടെ സ്വപ്നങ്ങൾ മെനയാനും ജൂബിലി അവസരമൊരുക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപത ശതോത്തര രജത ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്.

ഈശോയുടെ ശിഷ്യനായ തോമാശ്ലീഹായുടെ ആത്മീയപിതൃത്വത്തിൽ ജന്മമെടുക്കുകയും പേർഷ്യായിലെ കൽദായ സഭയുടെ പരിപാലനത്തിൽ തനതു പാരമ്പര്യങ്ങളുള്ള ഒരു സഭാസമൂഹമായി രൂപപ്പെടുകയും പാശ്ചാത്യ ലത്തീൻ സഭയുടെ അജപാലനപരമായ ഇടപെടലുകളിലൂടെ വളരുകയും ചെയ്ത കേരളത്തിലെ സുറിയാനി കത്തോലിക്കർ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അനന്യതയാർന്ന അവിഭാജ്യഘടകമാണെന്ന് തിരുസഭാമാതാവ് എന്നും തിരിച്ചറിഞ്ഞിരുന്നു. ഈ തിരിച്ചറിവിന്റെ ഘടനാപരമായ സാക്ഷാത്ക്കാരം സീറോമലബാർ വികാരിയത്തുകളുടെ സ്ഥാപനത്തോടെയാണ് ആരംഭിക്കുന്നത്. സീറോമലബാർ ഹയരാർക്കിയുടെ നേതൃത്വ ശുശ്രൂഷ നിർവ്വഹിക്കാൻ നിയോഗം ലഭിച്ചത് എറണാകുളം അതിരൂപതയ്ക്കും കാലാകാല

ങ്ങളിൽ അതിരൂപതയിൽ അധികാരത്തിൽവന്ന മെത്രാപ്പോലീത്താ മാർക്കുമായിരുന്നുവെന്നത് എളിമയോടെ അനുസ്മരിക്കുന്നു.

കേരളത്തിലെ സുറിയാനി കത്തോലിക്കർക്കുവേണ്ടി 1887-ൽ സ്ഥാപിതമായ കോട്ടയം, തൃശ്ശിവപേരൂർ എന്നീ വികാരിയാത്തുകളുടെ സ്ഥാനത്ത്, കോട്ടയം, തൃശ്ശിവപേരൂർ, എറണാകുളം എന്നീ മൂന്ന് വികാരിയാത്തുകൾ സ്ഥാപിക്കാൻ പരിശുദ്ധ സിഹാംസനം തീരുമാനിക്കുന്നതോടെയാണ് എറണാകുളം എന്ന പേര് സഭാ ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ടു തുടങ്ങിയത്. *ക്വെ റേയി സാക്രേ* എന്ന തിരുവെഴുത്തുവഴി 1896 ജൂലൈ 28-ന് എറണാകുളം വികാരിയാത്തു സ്ഥാപിച്ച ലെയോ പതിമൂന്നാമൻ മാർപാപ്പയെ നന്ദിയോടെ സ്മരിക്കുന്നു. തൃശ്ശിവപേരൂർ വികാരിയാത്തിന്റെ ഭാഗമായിരുന്ന ചാലക്കുടിപ്പുഴയുടെ തെക്ക് ആലുവപ്പുഴ വരെയുള്ള പ്രദേശങ്ങളും കോട്ടയം വികാരിയാത്തിൽ ഉൾപ്പെട്ടിരുന്ന ആരക്കുഴ, ഇടപ്പള്ളി, പള്ളിപ്പുറം എന്നീ ഫോറോനകളും തെക്കും ഭാഗക്കാരുടേതായിരുന്ന കരിംകുന്നം, ചുങ്കം, ബ്രമങ്ങലം എന്നീ ഇടവകകളും സംയോജിപ്പിച്ചാണ് എറണാകുളം വികാരിയാത്ത് രൂപപ്പെടുത്തിയത്. എറണാകുളമെന്ന പുതിയ വികാരിയാത്തിന്റെ ശരീരമൊരുക്കാനായി സ്വന്തഗാത്രങ്ങൾ പകുത്തു നല്കിയ ആദ്യവികാരിയാത്തുകൾക്കും സഭാസമൂഹങ്ങൾക്കും കടപ്പാടിന്റെ കൂപ്പുകൈ.

തന്റെ ഹൃദയത്തിനു ചേർന്നവരെ സ്വന്തം ജനത്തിന് ഇടയന്മാരായി നല്കുന്ന നല്ല ദൈവം തീക്ഷ്ണതയും ദൈവാശ്രയത്വവുമുള്ള മെത്രാന്മാരെയാണ് തുടക്കംമുതൽ ഇന്നുവരെ എറണാകുളത്ത് മേലധികാരികളായി നിയോഗിച്ചത്. എറണാകുളം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായി നിയമിതനായ മാർ ലൂയീസ് പഴേപറമ്പിൽ വ്യക്തമായ അജപാലനശൈലിയും സൂക്ഷ്മമായ ദിശാബോധവും പ്രദർശിപ്പിച്ചു. ഈ വലിയ ഇടയന്റെ നേതൃത്വത്തിലാണ് എറണാകുളം അതിമെത്രാസന മന്ദിരവും പെറ്റി സെമിനാരിയും ആലുവ സെന്റ് മേരീസ് സ്കൂളുമെല്ലാം നിർമ്മിച്ചത്. എറണാകുളത്തെ രണ്ടാമത്തെ മെത്രാനായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ സമർത്ഥനായ ഒരു ഭരണാധികാരിയായിരുന്നു. കേരള സുറിയാനി കത്തോലിക്കർക്ക് അവരുടെ ശ്ലൈഹിക പാരമ്പര്യത്തിൽ അഭിമാനിക്കാനും തനതായ ആചാരാനുഷ്ഠാനങ്ങളെ മുറുകെ പിടിക്കാനും ശക്തമായ പ്രചോദനം നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

1923 ഡിസംബർ 21-ന് പതിനൊന്നാം പീയൂസ് പാപ്പ *റൊമാനി പൊന്തിഫിച്ചെസ്* എന്ന തിരുവെഴുത്തുവഴി എറണാകുളം വികാരിയാത്തിനെ സീറോമലബാർ സഭയുടെ പ്രഥമ അതിരൂപതയായും, മാർ അഗസ്റ്റിൻ കണ്ടത്തിലിനെ സീറോമലബാർ സഭയിലെ പ്രഥമ മെത്രാപ്പോലീത്തായായും, സീറോമലബാർ മെത്രാൻ സമിതിയുടെ തലവനായും നിയമിച്ചു.

അതിരൂപതയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തയായിരുന്ന മാർ ജോസഫ് പാറേക്കാട്ടിൽ, കേരളസഭയിലും ഭാരതസഭയിലുമെന്നല്ല; ആഗോളസഭയിൽത്തന്നെ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ്. കേരളത്തിലേയും സീറോമലബാർ സഭയിലേയും ആദ്യത്തെ കർദിനാളായ അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ മുന്നോട്ടുവച്ച നവീകരണ ചിന്തകളുടെ ചൈതന്യം അതിരൂപതയിൽ ഇന്നും സജീവമാണ്.

സീറോമലബാർ സഭയുടെ ചരിത്രത്തിലെ അതിപ്രധാനമായ ദിനമാണ് 1992 ഡിസംബർ 16. ആ ദിനമാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ സീറോമലബാർ സഭയെ "മേജർ ആർക്കി എപ്പിസ്കോപ്പൽ ചർച്ച് ഓഫ് എറണാകുളം-അങ്കമാലി" എന്ന് നവമായി നാമകരണം ചെയ്തതും സ്വയം ഭരണാധികാരമുള്ള ഒരു സഭയായി ഉയർത്തിയതും, എറണാകുളത്തെ നാലാമത്തെ മെത്രാപ്പോലീത്തയായിരുന്ന കർദിനാൾ മാർ ആന്റണി പടിയറയെ പ്രഥമ മേജർ ആർച്ച്ബിഷപ്പായി നിയമിച്ചതും. അന്നുമുതൽ എറണാകുളം അതിരൂപത, എറണാകുളം -അങ്കമാലി അതിരൂപതയെന്ന് അറിയപ്പെടാനും തുടങ്ങി. അതിരൂപതയെ കൂടുതൽ ഉയരങ്ങളിലേക്കു വളർത്തുന്നതിനു സർവ്വാത്മനാ പരിശ്രമിക്കുകയും ശാന്തവും പുഞ്ചിരി നിറഞ്ഞതുമായ പ്രകൃതത്താൽ ഏവരുടേയും ഹൃദയത്തിലിടം പിടിക്കുകയും ചെയ്ത ഇടയനാണ് മാർ ആന്റണി പടിയറ പിതാവ്. സീറോമലബാർ സഭയ്ക്കും എറണാകുളം അതിരൂപതയ്ക്കുമുണ്ടായ ഈ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത്, അതിരൂപതാംഗവും 1992 മുതൽ 1995 വരെ പൊന്തിഫിക്കൽ ഡെലഗേറ്റുമായിരുന്ന മാർ എബ്രാഹം കാട്ടുമന മെത്രാപ്പോലീത്തയായിരുന്നുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

1999 ഡിസംബർ 20-ന് മേജർ ആർച്ച്ബിഷപ്പായി നിയമിതനായ മാർ വർക്കി വിതയത്തിൽ പിതാവായിരുന്നു അതിരൂപതയുടെ അഞ്ചാമത്തെ മെത്രാപ്പോലീത്ത. ലാളിത്യവും വിശുദ്ധിയും അഭംഗുരം പാലിക്കാൻ

ഉന്നതമായ സ്ഥാനമാനങ്ങളോ ഭാരിച്ച ഉത്തരവാദിത്തങ്ങളോ തടസ്സമല്ലെന്ന് സ്വജീവിതംകൊണ്ട് തെളിയിച്ച വർക്കിപ്പിതാവിന് കേരള സഭയുടേയും പൊതുസമൂഹത്തിന്റേയും മനസ്സിൽ സവിശേഷമായ സ്ഥാനമാണുള്ളത്. അഭിവന്ദ്യ വർക്കിപ്പിതാവിന്റെ ദേഹവിയോഗത്തെത്തുടർന്ന്, സീറോമലബാർ സഭാ സിനഡ് തെരഞ്ഞെടുത്ത മാർ ജോർജ് ആലഞ്ചേരി പിതാവ് 2011 മെയ് 29 മുതൽ സഭയുടെ മേജർ ആർച്ച്ബിഷപ്പായും അതിരൂപതയുടെ മെത്രാപ്പോലീത്തയായും ശുശ്രൂഷ ചെയ്തുവരുന്നു. സീറോമലബാർ സഭയുടെ സാർവ്വത്രികമാനം നന്നായി ഉൾക്കൊണ്ട് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ താമസിക്കുന്ന സഭാമക്കൾക്കെല്ലാവർക്കും ആത്മീയശുശ്രൂഷ ലഭ്യമാകത്തക്ക രീതിയിൽ ആവശ്യമായ ഭരണസംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിൽ പിതാവ് കർമ്മനിരതനാണ്. സമീപകാലത്ത്, ഒരു വർഷത്തോളം അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായിരുന്ന മാർ ജേക്കബ് മനത്തോടത്ത് പിതാവിനേയും ആദരവോടെ സ്മരിക്കുന്നു. 2019 സെപ്തംബർ 1-ന് മെത്രാപ്പോലീത്തൻ വികാരിയായി നിയമിതനായതുവഴി അതിരൂപതയിലെ നേതൃനിരയിലെ ഒരു കണ്ണിയാകാൻ കർത്താവ് എനിക്കും അനുഗ്രഹം നല്കി.

സഹായമെത്രാന്മാരായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി, മാർ ജേക്കബ് മനത്തോടത്ത്, മാർ തോമസ് ചക്യേത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കന്മാരോട് അതിരൂപത എന്നും കടപ്പെട്ടിരിക്കുന്നു.

86,986 വിശ്വാസികളും 117 വൈദികരുമായി 1896-ൽ ആരംഭിച്ച എറണാകുളം വികാരിയാത്ത്, 125 വർഷങ്ങൾ പിന്നിട്ടപ്പോൾ 4,80,512 വിശ്വാസികളും 452 രൂപതാ വൈദികരുമുള്ള ഒരു ബൃഹത്തായ അതിരൂപതയായി വളർന്നിരിക്കുന്നു. ഇപ്പോൾ അതിരൂപതയിൽ 312 സന്യാസ വൈദികരും 4,570 സന്യാസിനികളും 90 സന്യാസ സഹോദരന്മാരും സേവനം ചെയ്യുന്നുണ്ട്. അതിരൂപതയുടെ ഭാഗമായിരുന്ന കോതമംഗലം, ഇടുക്കി പ്രദേശങ്ങളെ വേർപെടുത്തി കോതമംഗലം, ഇടുക്കി രൂപതകൾ സ്ഥാപിക്കപ്പെട്ടു.

എണ്ണത്തിൽ മാത്രമല്ല, സുവിശേഷഗുണത്തിലും വലിയ വളർച്ചയാണ് അതിരൂപതയ്ക്കുണ്ടായത്. ആഗോളസഭയിൽ വിശുദ്ധരായി വണങ്ങപ്പെടുന്നതിനുമുമ്പുള്ള വിവിധ പദവികളിലേക്കുയരാൻ കൃപ ലഭിച്ച

വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ, ധന്യൻ ജോസഫ് വിതയത്തിൽ, ധന്യൻ വർഗ്ഗീസ് പയ്യപ്പിള്ളി, ദൈവദാസന്മാരായ മോൺ. ജോസഫ് കണ്ടത്തിൽ, മോൺ. ജോസഫ് സി. പഞ്ഞിക്കാരൻ, ഫാ. വർക്കി കാട്ടറാത്ത്, ദൈവദാസി മദർ മേരി സെലിൻ എന്നിവർ അതിരൂപതയുടെ വിശുദ്ധിയുടെ സാക്ഷ്യമലരുകളാണ്. 1783-ൽ ലിസ്ബണിൽ വച്ച് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി അഭിഷിക്തനായ മാർ ജോസഫ് കരിയാറ്റി മുതൽ ഈ മാസം ആദ്യവാരം മേഘാലയയിലെ ട്യൂറാ രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ ബിഷപ്പ് ജോസ് ചിറയ്ക്കൽ അയിരൂക്കാരൻ ഉൾപ്പെടെ 24 മെത്രാന്മാരെ എറണാകുളത്തുനിന്ന് ദൈവം തെരഞ്ഞെടുത്തു. വീരോചിതമായ വിശുദ്ധിയിലേക്കും അപ്പസ്തോല ശുശ്രൂഷയിലേക്കും അതിരൂപതയിൽ നിന്ന് അനേകരെ വിളിച്ച ദൈവത്തിന് നന്ദി പറയുന്നതോടൊപ്പം, ലോകത്തിന്റെ നാനാഭാഗങ്ങളിൽ സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്ന നൂറു കണക്കിന് വരുന്ന അതിരൂപതാംഗങ്ങളെ അഭിമാനത്തോടെ സ്മരിക്കുന്നു. ഫരീദാബാദ് രൂപതയുടെ രൂപീകരണത്തിൽ അതിരൂപത വഹിച്ച പങ്ക് നിസ്തുലമാണ്.

അനേകം വ്യക്തികൾക്ക് ദൈവവിളി നല്കുക മാത്രമല്ല, വലുതും ചെറുതുമായ സന്യാസ സമൂഹങ്ങൾ സ്ഥാപിച്ച് വളർത്തിയെടുക്കാനുള്ള നല്ല നിലമായും അതിരൂപതയെ ദൈവം തെരഞ്ഞെടുത്തു. 30 സന്ന്യാസ സമൂഹങ്ങളുടെയും 80 സന്ന്യാസിനീ സമൂഹങ്ങളുടെയും ഭവനങ്ങളും ഭൂരിഭാഗം സന്യാസസമൂഹങ്ങളുടെ ജനറലേറ്റുകളും അതിരൂപതയിൽ പ്രവർത്തിക്കുന്നു.

പ്രബുദ്ധതയും കാര്യക്ഷമതയും അർപ്പണമനോഭാവവുമുള്ള അല്മായ സമൂഹമാണ് എറണാകുളം-അങ്കമാലി അതിരൂപതയുടെ അനിതരസാധാരണമായ ഒരു സവിശേഷത. സഭയിലും സമൂഹത്തിലും സുവിശേഷാധിഷ്ഠിതമായി പൊതുപ്രവർത്തനങ്ങൾ നടത്തുന്ന അനേകരുണ്ട് ഈ അതിരൂപതയിൽ. സ്വന്തം വീട്ടിലും സമാന മനസ്ക്കരോട് ചേർന്ന് കെട്ടിപ്പടുത്ത സ്ഥാപനങ്ങളിലുമായി ആരോരുമില്ലാത്ത വൃദ്ധരേയും ദരിദ്രരേയും സംരക്ഷിക്കുന്ന അല്മായർ ഈ അതിരൂപതയിലുണ്ട്. സുവിശേഷ പ്രഘോഷണത്തിനും സാമൂഹ്യസേവനത്തിനുമായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ള ഏകസ്ഥരും ദമ്പതികളും അതിരൂപതാരാമത്തിലെ ഫലവൃക്ഷങ്ങളാണ്. ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് അടിസ്ഥാനങ്ങൾ ഉറപ്പിക്കണമെന്ന ലക്ഷ്യത്തോടെ അതിരൂപത തുടങ്ങിവച്ച സ്കൂളുകളും കോളേജുകളും ആശുപത്രികളും സാമൂഹ്യസേവന

കേന്ദ്രങ്ങളും അജപാലന കേന്ദ്രങ്ങളും വിവിധ പ്രസിദ്ധീകരണങ്ങളും അതതു മേഖലകളിൽ മുപ്പതു മേനിയും അറുപതു മേനിയും നൂറുമേനിയും കൊയ്തെടുക്കുന്നുവെന്നതിൽ സന്തോഷമുണ്ട്.

ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശൂർ എന്നീ നാലു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന എറണാകുളം-അങ്കമാലി അതിരൂപത ഇതര കത്തോലിക്കാ-അകത്തോലിക്കാ സഭകളോടും ഇതര മതങ്ങളോടും ഊഷ്മളമായ സൗഹാർദ്ദത്തിലാണ് എക്കാലവും കഴിഞ്ഞുവന്നിട്ടുള്ളത്. വരാപ്പുഴ, കൊച്ചി, ആലപ്പുഴ, കോട്ടപ്പുറം, വിജയപുരം എന്നീ ലത്തീൻ രൂപതകളോട് ഇടകലർന്ന് കിടക്കുന്ന ഈ അതിരൂപതയ്ക്ക് സഭാ സംസ്കാരത്തിലും ആചാരാനുഷ്ഠാനങ്ങളിലും വിവേകപൂർവ്വകമായ കൊടുക്കൽ-വാങ്ങലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ദൈവരാജ്യത്തിന് കൂടുതൽ ദൃശ്യത നല്കുന്ന പ്രവർത്തനങ്ങൾക്കായി മുഴുവൻ കഴിവുകളേയും പുനഃരർപ്പണം ചെയ്യാനുള്ള സമയമായി ജൂബിലി വർഷത്തെ അതിരൂപത കാണുന്നു. ഓരോ വ്യക്തിയുടേയും ആത്മ നവീകരണത്തിലൂടെയും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിലൂടെയും യുവജനങ്ങളുടെ ശാക്തീകരണത്തിലൂടെയും മുഴുവൻ ദൈവജനത്തേയും ദൈവരാജ്യാനുഭവത്തിലേക്ക് നയിക്കുന്നതിലാവണം ഇനിയുള്ള നാളുകളിൽ അതിരൂപത ശ്രദ്ധിക്കേണ്ടത്. അതിരൂപത സ്ഥാപിതമായതും നിലനിൽക്കുന്നതും ദൈവജനത്തിനുവേണ്ടിയാണ്. അതിരൂപതയുടെ സൂക്ഷത്തിനേല്പിക്കപ്പെട്ടിരിക്കുന്ന ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ എല്ലാവരേയും ഈ ദിനം ദൈവ തിരുമുമ്പിൽ ഞാൻ സ്മരിക്കുന്നു.

ഓരോ ജൂബിലിയും ഇന്നലെകളെ കൃതജ്ഞതയോടെ അനുസ്മരിക്കാനും ഇന്ന് തീക്ഷണതയോടെ ജീവിക്കാനും നാളെയെക്കുറിച്ച് പ്രതീക്ഷയുള്ളവരാകാനുമുള്ള അവസരമാണെന്നാണ് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നത്. കഴിഞ്ഞുപോയ കാലങ്ങളിൽ ഞങ്ങളോടു കാണിച്ചിട്ടുള്ള കാരുണ്യവും വിശ്വസ്തതയും കർത്താവേ, അങ്ങ് ഇപ്പോൾ ഓർക്കണമേ (സങ്കീ. 25: 6) എന്ന സങ്കീർത്തകന്റെ പ്രാർത്ഥന ഈ ജൂബിലി നാളുകളിൽ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാകട്ടെ. ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ ഈ അതിരൂപത അവിടുത്തെ സംരക്ഷണത്തിൽ എന്നും സുരക്ഷിതമായിരിക്കും എന്ന് നമുക്ക് ഉറച്ചുവിശ്വസിക്കാം.

■

# കച്ചേരിക്കാര്യം

## അനുമോദനങ്ങൾ!!!



കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി.) ഡെപ്യൂട്ടി സെക്രട്ടറി ജനറലും, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി. കൊച്ചി) ഡയറക്ടറുമായി **ബ. ജേക്കബ് പാലയ്ക്കാപ്പിള്ളി** അച്ചൻ നിയമിതനായി.



### ചലച്ചിത്ര അക്കാദമി പുരസ്കാരം

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച ഹ്രസ്വചിത്ര തിരക്കഥാരചനാ മത്സരത്തിൽ 'ദാവീദ് ആൻഡ് ഗോലിയാത്ത്' എന്ന തിരക്കഥയ്ക്ക് **ബ. ജോസ് പുതുശേരി** അച്ചന് പുരസ്കാരം ലഭിച്ചു. കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾ നേരിടുന്ന പ്രശ്നങ്ങളെ പ്രമേയമാക്കിയായിരുന്നു മത്സരം. അര ലക്ഷം രൂപയാണ് സമ്മാനത്തുക. ഓസ്ട്രിയയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുകയാണ് ബ. ജോസ് അച്ചൻ.

## മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റിന് ഔദ്യോഗിക അംഗീകാരം

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഭാഗമായി 2014-ൽ ആരംഭിച്ച ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രിയെ മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ് (എം.സി.സി.) എന്ന് പുനർനാമകരണം ചെയ്യുകയും അതിരൂപത മെത്രാപ്പൊലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് 2020 ആഗസ്റ്റ് 16-ാം തീയതി ഇതിന്റെ നിയമാവലി ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു. (കല്പന കാണുക)...

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

107/20/D/FA/8 ആഗസ്റ്റ് 16, 2020

റവ. ഫാ. അഗസ്റ്റിൻ കല്ലേലി
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്
എറണാകുളം-അങ്കമാലി അതിരൂപത

**വിഷയം: നിയമാവലി അംഗീകാരം**

പ്രിയ ബഹു. അച്ചാ,

അതിരൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബങ്ങളെ സുവിശേഷചൈതന്യത്തിൽ നവീകരിക്കുന്നതിനും കുടുംബബന്ധങ്ങളെ സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായി നിലനിർത്തുന്നതിനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി' യുടെ നിയമാവലി അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 28/01/2020-ൽ അച്ചൻ അതിരൂപതാ കച്ചേരിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായല്ലോ. പ്രസ്തുത നിയമാവലിയെക്കുറിച്ച് പഠിക്കാനായി നിയോഗിക്കപ്പെട്ട കമ്മറ്റി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി 'മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ്' (ക്രിസ്തുവിന്റെ പ്രേഷിത ദമ്പതികൾ) എന്ന പേരിൽ അതിരൂപതാ കച്ചേരിയിൽ പുനർസമർപ്പിച്ച നിയമാവലി കണ്ടു.

പ്രസ്തുത നിയമാവലി തികച്ചും സഭാനിയമങ്ങൾക്കനുസൃതവും ദമ്പതികളുടെ ആദ്ധ്യാത്മികവും കുടുംബപരവും സഭാത്മകവുമായ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന് ഉപകാരപ്രദവുമാണെന്ന് ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ **'മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ്'** എന്ന അത്മായ പ്രേഷിത സമൂഹത്തിന്റെ നിയമാവലിക്ക് പരീക്ഷണാർത്ഥം (*ad experimentum*) ഒരു വർഷത്തേയ്ക്ക് (2021 ആഗസ്റ്റ് 31 വരെ) ഇതിനാൽ ഞാൻ അംഗീകാരം നൽകുന്നു. ഈ സംരംഭത്തിന്റെ പ്രവർത്തന പരിധി എറണാകുളം-അങ്കമാലി അതിരൂപത മാത്രമായിരിക്കും.

ഡിപ്പാർട്ട്മെന്റ് ഓഫ് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിലുള്ള ഈ സംരംഭത്തിന്റെ പ്രവർത്തനങ്ങൾ വഴി ദൈവനാമം മഹത്വപ്പെടുന്നതിനും കുടുംബങ്ങൾ ക്രിസ്തീയവിശ്വാസത്തിൽ ശക്തിപ്പെടുന്നതിനും സഭയുടെ കുടുംബപ്രേഷിത പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കപ്പെടുന്നതിനും ഇടയാകട്ടെ. ഈ സംരംഭത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

+A Kariyil
**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

Biju Varghese
ഫാ. വർഗീസ് പെരുമായൻ
ചാൻസലർ

## അതിരൂപതാ വൈദികരുടെ ഓൺഗോയിംഗ് ഫോർമേഷൻ (*എൻ ക്രിസ്തോ*)

അതിരൂപതയിലെ യുവ വൈദികർക്കായുള്ള ഈ വർഷത്തെ ഓൺ ഗോയിംഗ് ഫോർമേഷൻ പ്രോഗ്രാം നാല് ബാച്ചുകളായി നടത്തി. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈനിലൂടെയാണ് നടത്തപ്പെട്ടത്. അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് ആന്റണി കരിയിൽ സന്ദേശം നൽകി. മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ, മാർ ജോസ് പുളിക്കൽ, ഫാ. റോയ് പാലാട്ടി സി.എം.ഐ., ഫാ. ഡാനി കപ്പൂച്ചിൻ, ഫാ. ടോബി എസ്.ജെ, ഫാ. ബാബു സെബാസ്റ്റ്യൻ സി.എം.ഫ്., ഫാ. ജോയ് പൈനാടത്ത്, ഫാ. ജോയ് ജെയിംസ് എസ്. ജെ., ഫാ. ഷാജി കരിംപ്ലാനിൽ കപ്പൂച്ചിൻ, ശ്രീമതി ബെജി മാർഗരറ്റ്, ശ്രീ. ജോർജ് പുളിക്കൽ, ശ്രീ. ജോണി ലൂക്കോസ്, ശ്രീ. കെ.എ. സെബാസ്റ്റ്യൻ എന്നിവർ വിവിധ സെഷനുകൾ നയിച്ചു. ആത്മീയവും സാമൂഹികവും മനഃശാസ്ത്രപരവുമായ വിഷയങ്ങളിലാണ് പ്രഭാഷണങ്ങളും ചർച്ചകളും നടന്നത്. വികാരി ജനറാൾ റവ.ഡോ. ഹോർമിസ് മൈനാട്ടിയച്ചനും, അതിരൂപതാ പാസ റ്ററൽ കോ-ഓർഡിനേറ്റർ ഫാ. ജോസ് മണ്ടാനത്തച്ചനും മോഡറേ റ്റേഴ്സ് ആയിരുന്നു. അതിരൂപതാ ഓൺഗോയിംഗ് ഫോർമേഷൻ ടീമിന്റെ നേതൃത്വത്തിൽ ആയിരുന്നു പ്രോഗ്രാം നടത്തിയത്.

## അതിരൂപതാ ശതോത്തര രജതജൂബിലി ഉദ്ഘാടനം

എറണാകുളം വികാരിയാത്ത് സ്ഥാപിതമായതിന്റെ ശതോത്തര രജത ജൂബിലി വർഷ ആഘോഷങ്ങൾ 2020 ജൂലായ് 28-ാം തീയതി ചൊവ്വാഴ്ച എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ മെത്രാപ്പോലിത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന്, വന്ദ്യപിതാക്കന്മാരുടെ കബറിടത്തിൽ പുഷ്പങ്ങൾ സമർപ്പിച്ചുകൊണ്ട് വി. കുർബാന അർപ്പി ച്ചു. ദൈവരാജ്യത്തിനു കൂടുതൽ ദൃശ്യത നൽകുന്ന പ്രവർത്തന ങ്ങൾക്കായി നമ്മുടെ കഴിവുകൾ പുനരർപ്പണം ചെയ്യണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ടുകാലം ദൈവം നൽകിയ ദൈവാനുഗ്രഹങ്ങൾക്കു നന്ദിപറയേണ്ട അവസരമാണിത്. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജൂബിലിയുടെ കർമ്മപദ്ധതി കളേക്കാൾ കൊവിഡ് പ്രതിരോധത്തിലൂന്നി ഈ പ്രതിസന്ധിയെ നേരി

ടാനുള്ള യത്നത്തിലാണ് നാം കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും, സർക്കാരിന്റെ പ്രയോഗിക നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് എല്ലാവരും ഒന്നിച്ചു നിന്നു ഈ മഹാവ്യാധിയെ നേരിടണമെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. ദിവ്യബലിയുടെ അവസാനത്തിൽ അഭിവന്ദ്യ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ഓൺലൈനിലൂടെ ജൂബിലി സന്ദേശം നൽകി. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കൃതജ്ഞതാബലിയർപ്പിക്കപ്പെട്ടു.

---

# A I C O
## (Archdiocesan Institutions' Central Office)

- അതിരൂപതാ പബ്ലിക്കേഷൻ ട്രസ്റ്റിന്റെ ബോർഡ് മീറ്റിംഗ് 2020 ആഗസ്റ്റ് 12-ന് ഓൺലൈൻ ആയി നടത്തി.
- 'നാഷണൽ എഡ്യുക്കേഷൻ പോളിസി, 1986' ന് പകരമായി ജൂലൈ 29-ന് യൂണിയൻ കാബിനെറ്റ് കൗൺസിൽ അംഗീകാരം നൽകിയ 'നാഷണൽ എഡ്യുക്കേഷൻ പോളിസി, 2020' നെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2020 ആഗസ്റ്റ് 20-ന് AICO-യുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ മീറ്റിംഗ് നടത്തി. 2040-ാമാണ്ടോടുകൂടി ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വലിയ പരിവർത്തനം ലക്ഷ്യമിട്ടുള്ള പോളിസിയെക്കുറിച്ച് വളരെ സൂക്ഷ്മമായി വിലയിരുത്തുകയും ചർച്ച ചെയ്യുകയും ചെയ്തു. അതിരൂപതയുടെ കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ ചർച്ചയിൽ പങ്കെടുത്തു. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു പരിചയമുള്ളതും ഇപ്പോൾ അലയൻസ് യൂണിവേഴ്സിറ്റിയുടെ അഡ്മിനിസ്ട്രേഷൻസിനു വേണ്ടി പ്രവർത്തിക്കുന്നതുമായ ശ്രീമതി ആൻ മേരി ഫെർണാണ്ടസ് മുഖ്യപ്രഭാഷണം നടത്തി.
- ചുണ്ടി ഭാരത മാതാ കോളേജ് ഓഫ് കോമേഴ്സ് ആൻഡ് ആർട്സിലെ പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള ഇന്റർവ്യൂ 2020 ആഗസ്റ്റ് 24-ന് കോളേജിൽ വച്ച് നടത്തി. 08-07-2020-ൽ പത്രപരസ്യം വഴിയാണ് തസ്തിക ഒഴിവ് അറിയിപ്പ് നൽകിയത്.

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ**

# വാർത്തകളും വിശേഷങ്ങളും

## കൂദാശവചനങ്ങൾ പരിഭാഷപ്പെടുത്തുന്നതിൽ കണ്ടുവരുന്ന തെറ്റുകൾ

ജ്ഞാനസ്നാന തിരുക്കർമ്മത്തിലെ കൂദാശവചനങ്ങൾ (sacramental formula) സ്വതന്ത്രമായി പരിഭാഷ നടത്തിക്കൊണ്ടു വരുത്തിയ തെറ്റുകളെ സംബന്ധിച്ച് വത്തിക്കാനിലെ വിശ്വാസകാര്യങ്ങൾക്കായുള്ള തിരുസംഘം (Congregation for the Doctrine of Faith) തിരുത്തൽ വിജ്ഞാപനം 2020 ആഗസ്റ്റ് 6-ന് പ്രസിദ്ധപ്പെടുത്തി.

*'കുട്ടിയുടെ പിതാവിന്റെയും മാതാവിന്റെയും, ജ്ഞാനസ്നാന പിതാവിന്റെയും മാതാവിന്റെയും, മുത്തച്ഛന്റെയും മുത്തശ്ശിയുടെയും, കുടുംബാംഗങ്ങളുടെയും പേരിലും, സമൂഹത്തിന്റെ പേരിലും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞങ്ങൾ സ്നാനപ്പെടുത്തുന്നു.'* ഇങ്ങനെ സ്വതന്ത്രമായി പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്തിയ കൂദാശാ വചനങ്ങളടങ്ങിയ ജ്ഞാന സ്നാന തിരുക്കർമ്മത്തിനുള്ള ടെക്സ്റ്റുകളാണ് വത്തിക്കാന്റെ ശ്രദ്ധ യിൽപ്പെട്ടത്. കൂട്ടായ്മയുടെ പ്രാധാന്യം എടുത്തുകാട്ടുന്നതിനും, കുടുംബത്തിന്റെയും ആഘോഷത്തിൽ പങ്കുചേരുന്ന എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമാണ് കൂദാശാവചനത്തിന്റെ ഈ പരിഷ്ക്കരണം നടത്തിയിരിക്കുന്നതെന്നാണ് ന്യായീകരണം.

ഇത്തരത്തിലുള്ള പരിഭാഷ അംഗീകരിക്കാനാവില്ലെന്നാണ് വിശ്വാസ കാര്യങ്ങൾക്കായുള്ള തിരുസംഘത്തിന്റെ വിജ്ഞാപനത്തിൽ സൂചി പ്പിക്കുന്നത്. 'ആർക്കുംതന്നെ, അത് ഒരു വൈദികനാണെങ്കിൽപ്പോലും ആരാധനാക്രമത്തിൽ എന്തെങ്കിലും കൂട്ടിചേർക്കുവാനോ, കുറയ്ക്കു വാനോ, മാറ്റംവരുത്തുവാനോ അധികാരമില്ല'. അങ്ങനെ ചെയ്താൽ അത് വെറും ആരാധനാക്രമ ദുരുപയോഗം മാത്രമല്ല, തിരുസഭയുടെ കൗദാശിക കൂട്ടായ്മയിലും ക്രിസ്തുവിന്റെ കൗദാശിക പ്രവൃത്തിയുടെ ദുരുപയോഗംവഴി അവിടുത്തെ മൗതികദേഹത്തിൽ വരുത്തുന്ന ഒരു മുറിപ്പാടുകൂടിയായിരിക്കും അതെന്ന് വിജ്ഞാപനം ചൂണ്ടിക്കാട്ടി. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ സ്നാനപ്പെടുത്തുന്നു" എന്ന് പരികർമ്മി മാമ്മോദീസാ യിൽ കൂദാശാവചനം ഉച്ചരിക്കുമ്പോൾ, കാർമ്മികനെ ഏൽപ്പിച്ച ജോലി

അദ്ദേഹം നിർവ്വഹിക്കുകയല്ല ചെയ്യുന്നത്, മറിച്ച് ക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യത്തെ തന്റെ ശുശ്രൂഷയിലൂടെ നടപ്പാക്കുക മാത്രമാണ്.

ക്രിസ്തു സ്ഥാപിച്ച കൂദാശകളുടെ സംരക്ഷണം തിരുസഭയെ ഭരമേല്പിച്ചിരിക്കുകയാണ്. കൂദാശകളുടെ ആചരണത്തിൽ സഭയോടൊപ്പം ശിരസ്സാകുന്ന ക്രിസ്തുവും ഒത്തുചേരുന്നതിലൂടെ കൂട്ടായ്മ അതിൽത്തന്നെ പ്രകടവും പ്രത്യക്ഷവുമാവുകയാണ്. ഇവിടെ പരികർമ്മി ക്രിസ്തുവിനെ പ്രതിനിധാനംചെയ്യുന്നു; കൂദാശാകർമ്മത്തിൽ പങ്കെടുക്കുന്നവർ തിരുസഭയെയും. കൂദാശാകർമ്മങ്ങൾ വ്യക്തിയുടെ പേരിലല്ല പരികർമ്മം ചെയ്യപ്പെടുന്നത്, മറിച്ച്, സഭയുടെ പേരിലും, സഭയിൽ പ്രവർത്തിക്കുന്ന ക്രിസ്തുവിലുമാണ് അത് ആചരിക്കേണ്ടതും യാഥാർത്ഥ്യമാക്കേണ്ടതും. കൂദാശാപരികർമ്മങ്ങൾ സ്വകാര്യ ആഘോഷങ്ങളല്ല, മറിച്ച് സഭയുടെ ആഘോഷങ്ങളാണ്. അത് 'ഐക്യത്തിന്റെയും കൂട്ടായ്മയുടെയും കൂദാശയാണ്'.

---



# നിര്യാതരായി



## റവ. സി. ലിറ്റിൽ ട്രീസ C.M.C.

ചാവറ സദൻ, കൈപ്ര, ശ്രീമൂലനഗരം.

| | | |
|---|---|---|
| ജനനം | : | 29/10/1943 |
| ആദ്യവ്രതം | : | 15/04/1962 |
| മരണം | : | 12/08/2020 |



## റവ. സി. ലിസിയ F.C.C.

കൃപസദൻ, കൈപ്ര, ശ്രീമൂലനഗരം.

| | | |
|---|---|---|
| ജനനം | : | 26/06/1940 |
| ആദ്യവ്രതം | : | 07/05/1962 |
| മരണം | : | 02/08/2020 |



## റവ. സി. ഏയ്ഞ്ചൽ C.M.C.

സെന്റ് ട്രീസാ കോൺവെന്റ്, കൂനമ്മാവ്.

| | | |
|---|---|---|
| ജനനം | : | 15/04/1939 |
| ആദ്യവ്രതം | : | 04/04/1967 |
| മരണം | : | 31/07/2020 |

# വിശ്വാസപരിശീലനകേന്ദ്രം

സെപ്റ്റംബർ മാസം 19, 20, 21 തീയതികളിൽ കുട്ടികൾക്കുവേണ്ടി ത്രിദിന ധ്യാനം സംഘടിപ്പിച്ചിട്ടുണ്ട്. 5-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കായുള്ള ധ്യാനം (Angels of Jesus Retreat) വൈകിട്ട് 6.30 മുതൽ 7.15 വരെ. 6-ാം ക്ലാസ്സു മുതലുള്ള കുട്ടികൾക്കുള്ള ധ്യാനം (Teens of Jesus Retreat) വൈകിട്ട് 7.30 മുതൽ 8.15 വരെ. ധ്യാനങ്ങൾ Catechismernakulam Youtube Channel -ൽ തൽസമയ സംപ്രേഷണം ആയിരിക്കും. Youtube Channel -വഴി ധ്യാനം കൂടുവാൻ കുട്ടികളെ പ്രത്യേകം പ്രോത്സാഹിപ്പിക്കുമല്ലൊ. കോവിഡ്-19 കാലയളവിൽ കുട്ടികളെ ആത്മീയ ഉണർവ്വിലും പ്രത്യാശയിലും സന്തോഷത്തോടെ ആയിരിക്കുവാൻ ഈ ധ്യാനം അവരെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികൾക്കുവേണ്ടിയുള്ള Angels Army-യുടെ നേതൃത്വത്തിലായിരിക്കും ഈ ധ്യാനങ്ങൾ നടത്തുന്നത്.

ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 7.00 മുതൽ 8.00 വരെ എല്ലാ കുടുംബങ്ങൾക്കുംവേണ്ടി ജീസസ് യൂത്തിന്റെ സഹായത്തോടെ 'തെയ്സെ മോഡൽ' പ്രാർത്ഥനാശുശ്രൂഷയും സംഘടിപ്പിച്ചിട്ടുണ്ട്. കുടുംബത്തിൽ അതിജീവനത്തിന്റെയും പ്രതീക്ഷയുടെയും രക്ഷാകരമായ പ്രഭയാൽ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടുവാൻ ഈ ധ്യാനം സഹായിക്കും. "Healing Power of Jesus - തെയ്സെ മോഡൽ ധ്യാനം".

പ്രധാനാധ്യാപകരുടെ ഫൊറോന തിരിച്ചുള്ള ഓലൈൻ മീറ്റിംഗ് നടന്നുകൊണ്ടിരിക്കുന്നു, എല്ലാ പ്രധാനാധ്യാപകരും ഈ മീറ്റിംഗിൽ പങ്കെടുക്കുന്നുണ്ടെന്ന് വികാരിയച്ചന്മാർ ഉറപ്പുവരുത്തുമല്ലൊ.

ജൂലൈ 26-ന് ഗ്രാൻപാരന്റ്സ് ഡേയിലും ആഗസ്റ്റ് 4-ാം തീയതി വിയാനിഡേയിലും രണ്ട് വീഡിയോകൾ യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു. ആഗസ്റ്റ് 8, 18 തീയതികളിൽ ഫൊറോന സെക്രട്ടറിമാരുടെയും പ്രൊമോട്ടേഴ്സിന്റെയും ഓൺലൈൻ മീറ്റിംഗുകൾ നടന്നു. ആഗസ്റ്റ് 15-ാം തീയതി വൈകിട്ട് 7.00 മണി മുതൽ വിശ്വാസപരിശീലകർക്കായുള്ള ഓറിയന്റേഷൻ ക്ലാസ്സ് (Catechism Teaches: Bearers of Jesus) നടത്തി. മുവായിരത്തിലധികം വിശ്വാസപരിശീലകർ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. ആഗസ്റ്റ് 23-ാം തീയതി വൈകിട്ട് 7.00 മുതൽ മാതാപിതാക്കൾക്കായുള്ള ഓറിയന്റേഷൻ ക്ലാസ്സ് (സോഷ്യൽ മീഡിയായിലെ കാഴ്ചക്കാരാണോ നിങ്ങൾ എങ്കിൽ...) നടത്തി.

1. DomusCat: ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ എല്ലാ ഞായറാഴ്ചകളിലും ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നു. വിശ്വാസപരിശീലകരായ അധ്യാപകർ ക്ലാസ്സുകൾ തയ്യാറാക്കുന്നു. Goodness TV-യിൽ തിങ്കൾ മുതൽ ശനി വരെ 1.30 മുതൽ 2.00 വരെ ഓൺലൈൻ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നു.

2. JESUS & KIDS: കുഞ്ഞുങ്ങളിൽ ഈശോയെ രൂപപ്പെടുത്തുവാൻ പാഠഭാഗത്തോടൊപ്പം ആകർഷകമായ ആക്ഷൻ സോങ്ങുകളും ഉൾപ്പെടുത്തി എല്ലാ ആഴ്ചകളിലും ക്ലാസ്സുകൾ നടത്തുന്നു.

3. LUMEN CHRISTI: Youth Catechism യുവതീയുവാക്കൾക്കുവേണ്ടിയുള്ള വിശ്വാസസംബന്ധമായ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നല്കിവരുന്നു. Goodness TV യിൽ എല്ലാ ഞായറാഴ്ചകളിലും 1.30 മുതൽ 2.00 വരെ ഈ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നു.

4. **വഴിവിളക്ക്:** 'വിശുദ്ധരിലൂടെ ഈശോയെ അറിയുവാൻ' വിശുദ്ധരെ പരിചയപ്പെടുത്തുന്ന പ്രോഗ്രാം. ഒക്ടോബർ 10-ന് വാഴ്ത്തപ്പെട്ടവനായി നാമകരണം ചെയ്യപ്പെടുവാൻ പോകുന്ന കാർലോ അക്കുത്തിസ്-ന്റെ ജീവചരിത്രം ജൂലൈ മാസത്തിൽ കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുത്തു. 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സുൾപ്പടെയുള്ള കുട്ടികൾക്കായുള്ള ഉപപാഠപുസ്തകമായി കാർലോ അക്കുത്തിസ് ഒക്ടോബർ മുതൽ ലഭ്യമാക്കും.

5. TIPS & THOUGHTS: അനുദിനജീവിതത്തിലെ ചെറിയ ചെറിയ സംഭവങ്ങളെ കോർത്തിണക്കി ചിന്തിക്കാനും ചിന്തിപ്പിക്കാനും ഉതകുന്ന വീഡിയോ പ്രോഗ്രാം.

6. DIDACHE: വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം.

## പ്രധാന പരിപാടികൾ

**സെപ്റ്റംബർ 2020**

| | | |
|---|---|---|
| 08 ചൊവ്വ | : | മാതാവിന്റെ ജനനതിരുനാൾ |
| 14 തിങ്കൾ | : | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 19, 20, 21 | : | Angels of Jesus Retreat 5-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കുള്ള ധ്യാനം (വൈകിട്ട് 6.30 മുതൽ 7.15 വരെ). Teens of Jesus Retreat - 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്കുള്ള ധ്യാനം (വൈകിട്ട് 7.30 മുതൽ 8.15 വരെ). |

**ഒക്ടോബർ 2020**

| | | |
|---|---|---|
| 02 വെള്ളി | : | "Healing Power of Jesus തെയ്സെ മോഡൽ ധ്യാനം" - കുടുംബങ്ങൾക്കായുള്ള ധ്യാനം (വൈകിട്ട് 7.00 മണി മുതൽ 8.00 മണി വരെ). |

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

**പ്ലാസ്റ്റിക്ക് ചാക്ക് ചലഞ്ച്**

കടൽകയറ്റത്തെ മണൽച്ചാക്കുകൾ നിരത്തി പ്രതിരോധിക്കുകയെന്ന ആശയം നടപ്പാക്കുവാൻ സഹൃദയ ആവിഷ്കരിച്ച പ്ലാസ്റ്റിക്ക് ചാക്ക് ചലഞ്ച് പദ്ധതിയിൽ സഹകരിക്കുവാൻ നമ്മുടെ നിരവധി ഇടവകകളും സ്ഥാപനങ്ങളും സന്നദ്ധപ്രവർത്തകരും മുന്നോട്ടുവന്നു. ഒരു ലക്ഷത്തിലേറെ ചാക്കുകൾ സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിൽ ചെല്ലാനം മേഖലയിൽ എത്തിച്ചുനൽകി. പ്ലാസ്റ്റിക്ക് ചാക്ക് ചലഞ്ച് പദ്ധതിയോട് സഹകരിച്ച ഏവർക്കും നന്ദി.

കൊറോണ വ്യാപനത്തിനൊപ്പം കടൽ കയറ്റവും രൂക്ഷമായ ചെല്ലാനം മേഖലയിൽ ദുരിതബാധിതരെ സഹായിക്കുന്നതിനായി നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ നിന്ന് സമാഹരിച്ച ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പടെയുള്ള അവശ്യവസ്തുക്കൾ ആലപ്പുഴ, കൊച്ചി രൂപതാ സാമൂഹ്യപ്രവർത്തന വിഭാഗങ്ങളുടെ സഹകരണത്തോടെ എത്തിച്ചു നൽകി.

**ദുരിതബാധിതർക്ക് ഭക്ഷ്യവിതരണം**

ന്യൂനമർദ ഫലമായുണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതബാധിതരായ വൈക്കം, വൈപ്പിൻ മേഖലകളിലെ ജനങ്ങൾക്ക് സഹൃദയയുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യവസ്തുക്കൾ എത്തിച്ചുനൽകി.

**കർഷകന്റെ വിപണന കേന്ദ്രം സഹൃദയയിൽ**

കേരള കൃഷിവകുപ്പിന്റെ സുഭിക്ഷകേരളം പദ്ധതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയുടെ ജൈവസമൃദ്ധി പദ്ധതിയുമായി സഹകരിച്ചുകൊണ്ട് കർഷകർക്ക് സ്വന്തം ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള കർഷകന്റെ വിപണന കേന്ദ്രം സഹൃദയയിൽ ആരംഭിച്ചു. നാടൻ പച്ചക്കറികൾ, ഭക്ഷ്യ വിഭവങ്ങൾ എന്നിവ ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാകുന്ന വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം കൊച്ചി നഗരസഭാ മേയർ നിർവഹിച്ചു.

**കർഷകദിനാചരണം**

ചിങ്ങം ഒന്ന് കർഷകദിനം കാലടിയിൽ സംഘടിപ്പിച്ചു. അങ്കമാലി, കാലടി മേഖലയിൽ നബാർഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന എൽ.ഇ.ഡി.പി.

(ലൈവ്‌ലിഹുഡ് എന്റർപ്രെനുർഷിപ് ഡവലപ്മെന്റ് പ്രോജക്ട്) പദ്ധതിയുടെ ഉദ്ഘാടനവും ബെന്നി ബഹനാൻ എം.പി. നിർവഹിച്ചു.

**പഞ്ചായത്തുകളിൽ പദ്ധതിരേഖ സമർപ്പിച്ചു**
സർക്കാർ അംഗീകൃത ഹരിതസഹായ സ്ഥാപനമെന്ന നിലയിൽ വൈക്കം ബ്ലോക്കിലെ ചെമ്പ്, മറവൻതുരുത്ത്, തലയാഴം ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ശുചിത്വ സർവേ കണ്ടെത്തലുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ശുചിത്വ പരിപാലനത്തിനായുള്ള വിശദ പദ്ധതിരേഖ പഞ്ചായത്ത് അധികൃതർക്ക് കൈമാറി.

**ദുരന്ത ജാഗ്രതാബോധന മുന്നറിയിപ്പ് പരിപാടി**
ഇതര സംസ്ഥാന തൊഴിലാളികൾക്കും മനസിലാകുന്നതിനായി അവരവരുടെ മാതൃഭാഷയിൽ തയ്യാറാക്കിയ ദുരന്ത ജാഗ്രതാ മുന്നറിയിപ്പുകൾ ആലങ്ങാട് പഞ്ചായത്തിൽ സഹൃദയയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**കേരള സോഷ്യൽ സർവീസ് ഫോറം**
സഭയുടെ സാമൂഹിക പ്രബോധനങ്ങൾ, കാലിക സാഹചര്യത്തിലുള്ള സാമൂഹിക പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് സാമൂഹിക പ്രവർത്തകരിൽ അവബോധം വളർത്തുന്നതിനായി കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സഹൃദയ സ്റ്റാഫംഗങ്ങൾക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു.

**പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ**
സഹൃദയയുടെ നിർമാണ യൂണിറ്റിൽ തയ്യാറാക്കിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വിപണിനിരക്കിലും കുറഞ്ഞ വിലയിൽ വീടുകളിൽ സ്ഥാപിച്ചു നൽകുന്നു. വീടുകളിൽ ദിവസേനയുണ്ടാകുന്ന അടുക്കളമാലിന്യം ഉപയോഗപ്പെടുത്തി പാചകവാതകം ഉത്പാദിപ്പിക്കാൻ ഈ പ്ലാന്റുകൾ സഹായകമാണ്. വിശദവിവരങ്ങൾക്ക് ഫോൺ 8943710720

**സോളാർ ഉപകരണങ്ങൾ**
സോളാർ വാട്ടർ ഹീറ്ററുകൾ, ഓൺ ഗ്രിഡ് പവർ സിസ്റ്റം എന്നിവയ്ക്കൊപ്പം സോളാർ ഇൻവെർട്ടറുകളും സഹൃദയ സ്ഥാപിച്ചു നൽകുന്നു. താത്പര്യമുള്ളവർ 9074060071 എന്നനമ്പറിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റിന് ഔദ്യോഗിക അംഗീകാരം

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഭാഗമായി 2014-ൽ ആരംഭിച്ച ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രിയെ മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ് (എം.സി.സി.) എന്ന് പുനർനാമകരണം ചെയ്യുകയും അതിരൂപത മെത്രാപ്പൊലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ഇതിന്റെ നിയമാവലി ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു. ദമ്പതികൾതന്നെ ദമ്പതികളെ കുടുംബബന്ധങ്ങളിൽ വളരുവാൻ സഹായിക്കുന്ന അലമായ സമൂഹമായിട്ടാണ് എം.സി.സി.-യെ അംഗീകരിച്ചിരിക്കുന്നത്. ക്രിസ്തുവിൽ കുടുംബബന്ധങ്ങളെ ഉറപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതാണ് എം.സി.സി.-യുടെ ലക്ഷ്യം. ഒരു വർഷത്തേയ്ക്ക് പരീക്ഷണാർത്ഥമാണ് ഈ നിയമാവലിയ്ക്ക് അംഗീകാരം നൽകിയിരിക്കുന്നതെന്ന് മാർ ആന്റണി കരിയിൽ പിതാവ് അറിയിച്ചു.

## 2020 SEPTEMBER - OCTOBER

## Marriage Orientation Programme

വിവാഹഒരുക്ക കോഴ്സിന് പകരമായി നടത്തിവരുന്ന മാര്യേജ് ഓറിയന്റേഷൻ പ്രോഗ്രാം എല്ലാ വെള്ളി, ശനി ദിവസങ്ങളിൽ നടത്തപ്പെടുന്നു. ഓരോ പ്രോഗ്രാമിലേക്കും 50 പേർക്കാണ് സീറ്റ് നൽകുന്നത്. നേരത്തെ രജിസ്റ്റർ ചെയ്യുവാൻ പങ്കെടുക്കുന്നവരെ ഓർമ്മപ്പെടുത്തണമെന്ന് താത്പര്യപ്പെടുന്നു. ഈ പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയവരെക്കുറിച്ചുള്ളവിവരം ഓഫീസിൽ നിന്നും രേഖാമൂലം വാട്സ്ആപ്പ്/ഇ-മെയിൽ വഴി വികാരിയച്ചന്മാരെ നേരിട്ട് അറിയിക്കുന്നതാണ്. വാട്സ്ആപ്പ് നമ്പർ **8281544111.** മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ ബഹു. വികാരിയച്ചന്മാർ പ്രോഗ്രാമിൽ പങ്കെടുത്തവരുമായി കൂടികാഴ്ച നടത്തുമ്പോൾ വിവാഹത്തിന്റെ ലിറ്റർജിയെക്കുറിച്ചും,

കാനോനിക നിയമവശങ്ങളെക്കുറിച്ചും അവരെ ബോധ്യപ്പെടുത്തു മല്ലോ.

| | | | |
|---|---|---|---|
| Sep 04-05 | Sep 18-19 | Oct 02-03 | Oct 16-17 |
| Sep 08-09 | Sep 22-23 | Oct 06-07 | Oct 20-21 |
| Sep 11-12 | Sep 25-26 | Oct 09-10 | Oct 23-24 |
| | | | Oct 30-31 |

## ഫാമിലികൗൺസലിംങ്ങ് ഹെൽപ്ലൈൻ

കോവിഡ് പ്രതിസന്ധിമൂലം കുടുംബ ബന്ധങ്ങളിൽരൂപപ്പെടുന്ന സമ്മർദങ്ങളെ അതിജീവിക്കുവാൻ ഫാമിലി കൗൺസലിംങ്ങ് ഹെൽപ്ലൈൻ 94959 50055 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ജീവപ്രസാദം

കുടുംബങ്ങളിൽ ജീവനുണർത്തും കുടുംബഭാഷ പരിശീലിപ്പിക്കുന്നതിന് സഹായിക്കുന്ന ജീവപ്രസാദം എന്ന പ്രോഗ്രാം ഇടവകകളിൽ ഓൺലൈൻ വഴിയായി നടത്തികൊടുക്കുന്നതിന് കുടുംബപ്രേഷിത കേന്ദ്രം തയ്യാറാണ്. താല്പര്യമുള്ള വികാരിയച്ചന്മാർ ഓഫീസുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ: 9961332869 (ശ്രീ. റൂബി ചെറിയാൻ).

## പ്രാർത്ഥനാശംസകളും ഹൃദയം നിറഞ്ഞ നന്ദിയും



അതിരൂപതാ കുടുംബ പ്രേഷിത കേന്ദ്രത്തിന്റെ ഡയറക്ടറായി കഴിഞ്ഞ പത്തര വർഷക്കാലം സ്തുത്യർഹമായി സേവനം ചെയ്ത് 2020 സെപ്റ്റംബർ 1-ാം തീയതി മുതൽ മംഗലപ്പുഴ സെമിനാരിയിലെ പരിശീലകനായും അദ്ധ്യാപകനായും പുതിയ ദൗത്യം ഏറ്റെടുത്തിരിക്കുന്ന റവ. ഡോ. അഗസ്റ്റിൻ കല്ലേലി അച്ചൻ, കാലടി ജീവാലയ ഫാമിലി പാർക്കിന്റെ സ്ഥാപക ഡയറക്ടറായും, മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ്, യൂദിത്ത് ഫോറം, ഗ്രേസ് റിപ്പിൾസ് കപ്പിൾസ് പരിശീലനം തുടങ്ങിയവയുടെ ആരംഭകനായും നമ്മുടെ കുടുംബങ്ങൾക്കും അതിരൂപതയ്ക്കും സഭയ്ക്കുംവേണ്ടി ദീർഘ വീക്ഷണത്തോടെയും ആത്മസമർപ്പണത്തോടെയും ചെയ്ത എല്ലാ സേവനങ്ങൾക്കും നന്ദി പറയുന്നു. അച്ചന്റെ പുതിയ ഉത്തരവാദിത്വത്തിൽ എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

## സ്വാഗതം



അതിരൂപതാ കുടുംബപ്രേഷിതകേന്ദ്രത്തിന്റെ ഡയറക്ടറായി 2020 സെപ്റ്റംബർ 1-ന് ചുമതലയേല്ക്കുന്ന (മുൻ അസിസ്റ്റൻറ് ഡയറക്ടർ) റവ. ഡോ. ജോസഫ് മണവാളൻ അച്ചന് സ്നേഹപൂർവ്വമായ സ്വാഗതം. അച്ചന്റെ ദൗത്യം ഫലദായകമാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**RENEWAL CENTRE, AZAD ROAD, KALOOR, KOCHI 682017.**
Ph. 0484- 2343940, 4047458, 2346963

## പ്രധാനാദ്ധ്യാപകരുടെ ഓൺലൈൻ സമ്മേളനം

ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ വെളിച്ചത്തിൽ പുതിയ അദ്ധ്യയന വർഷത്തിന്റെ ആഭിമുഖ്യങ്ങളെക്കുറിച്ച് വിലയിരുത്തുകയും പാഠ്യ പ്രവർത്തനങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളടെയും സജീവ പങ്കാളിത്വം ഉറപ്പുവരുത്തുവാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സഹൃദയും കടവന്ത്ര സാൻജോസ് ചാരിറ്റിസുമായി ചേർന്ന് കോർപ്പറേറ്റ് ഏജൻസി വഴി 150-ലധികം ടെലിവിഷനുകൾ കുട്ടികൾക്ക് വിതരണം ചെയ്യാൻ സാധിച്ചതിലുള്ള സന്തോഷം പ്രധാനാദ്ധ്യാപകർ പങ്കുവച്ചു. കഴിഞ്ഞ അദ്ധ്യയന വർഷത്തെ റിസൽട്ട് വിലയിരുത്തുകയും നൂറു ശതമാനം വിജയം നേടിയ 10 ഹൈസ്ക്കൂളുകളേയും 2 ഹയർസെക്കന്ററി സ്കൂളുകളേയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

## പുതിയ വിദ്യാഭ്യാസ നയം

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ഹയർസെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുമായി പങ്കുവ

യ്ക്കാൻ ഗൂഗിൾ മീറ്റുകൾ സംഘടിപ്പിച്ചു. പുതിയ നയത്തിന്റെ ഊന്ന ലുകൾ മനസ്സിലാക്കി ക്രിയാത്മകമായി ഇടപെടാനും മൂല്യാധിഷ്ഠിത മായ വിദ്യാഭ്യാസത്തിനായി സജ്ജരാകാനും അദ്ധ്യാപകരെ ഓർമ്മപ്പെടുത്തി. തൊഴിലധിഷ്ഠിതമായ സാങ്കേതിക പരിജ്ഞാനങ്ങ ളിലേയ്ക്കും അതുവഴി പുതിയ കണ്ടുപിടുത്തങ്ങളിലേയ്ക്കും വിദ്യാർത്ഥികളെ നയിക്കുവാൻ വിഭാവനം ചെയ്യുന്ന പുതിയ വിദ്യാ ഭ്യാസനയത്തിന്റെ സാദ്ധ്യതകളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു മീറ്റിംഗുകൾ.

**ഓണം 2020**

സ്കൂളുകൾക്കിടയിലുള്ള കൂട്ടായ്മ വളർത്തുന്നതിനുതകുന്ന ഓൺലൈൻ മത്സരങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കുമായി സംഘടിപ്പിച്ചു.

**പ്ലസ് വൺ പ്രവേശനം**

പ്ലസ് വൺ പ്രവേശത്തിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. നിലവിലെ അറിയിപ്പനുസരിച്ച് കമ്മ്യൂണിറ്റി ക്വോട്ടയിൽ അഡ്മിഷൻ ലഭിക്കാൻ സെപ്റ്റംബർ 6 വരെ അപേക്ഷ നൽകാവുന്നതാണ്.

**ATL പ്രവർത്തനങ്ങൾ**

അടൽ തിങ്കറിംഗ് ലാബുകളുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്ന തിനു പ്രധാനാദ്ധ്യാപകരുടെ സമ്മേളനം ചേർന്നു. ക്രിസാലീസ് എന്ന പേരിൽ കാർഡിനൽ സ്കൂളിലെ കുട്ടികൾക്കായി രാജഗിരി എൻജിനീ യറിംഗ് കോളേജുമായി ചേർന്ന് ഒരു മാസത്തെ ഓൺലൈൻ പരിശീ ലന പദ്ധതി സംഘടിപ്പിച്ചു. Robotics, Design thinking, Arduino, Sensors, Thinkercad, Algoritham and Flowchart തുടങ്ങിയ വിഷയങ്ങ ളിലെ ക്ലാസ്സുകളിൽ നൂറിലധികം കുട്ടികൾ പങ്കെടുത്തു.

**അദ്ധ്യപക നിയമനം**

പുതിയ അദ്ധ്യയന വർഷത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ നട ക്കാത്തതിനാൽ അദ്ധ്യാപക നിയമന നടപടികൾ ആരംഭിച്ചിട്ടില്ല. ഗവൺമെന്റ് നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

# Naipunnya International

**Broadway, Ernakulam Kochi 682031.**
0484-2381948, 2381949

- **പ്രതിഭാസംഗമം:** ഇക്കൊല്ലം എസ്.എസ്.എൽ.സി., പ്ലസ് ടൂ ക്ലാസ്സുകളിൽ ഫുൾ A+ / A1 നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി ആഗസ്റ്റ് 15-ാം തീയതി നടത്തിയ പ്രതിഭാസംഗമം പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടന്നുവരുന്നു. ഇതിൽ പങ്കെടുത്തവർക്കായി തുടർന്ന് വരുന്ന ഓരോ ആഴ്ചകളിലും വിവിധ വിദ്യാഭ്യാസ മേഖലകളെ കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകളും ക്വിസ് പരിപാടികളും നടത്തുവാൻ ഉദ്ദേശിക്കുന്നു.

### നൈപുണ്യ, തൃക്കാക്കര: Contact-9544919133

- സെപ്റ്റംബർ 16-ാം തീയതി PSC പുതിയ ബാച്ച് ആരംഭിക്കുന്നു.
- UGC Paper I, IELTS, Communicative English എന്നിവയുടെ പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു.
- സെപ്റ്റംബർ 3-ാം തീയതി SSC & Bank ന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു.

### നൈപുണ്യ അക്കാദമി, കലൂർ: Contact-9544919144

- പുതിയ ഇറ്റാലിയൻ & ജർമ്മൻ ബാച്ചുകൾ സെപ്റ്റംബർ 2-ാം തീയതി ബുധനാഴ്ച ആരംഭിക്കുന്നു.
- French & Spanish ബാച്ചുകൾ സെപ്റ്റംബർ 12-ാം തീയതി അവസാനിക്കും.
- സിവിൽ സർവ്വീസ് Regular, ഓറിയന്റേഷൻ & ഫൗണ്ടേഷൻ ബാച്ചുകൾ നടന്നുകൊണ്ടിരിക്കുന്നു.
- NICSA 2020 – സിവിൽ സർവ്വീസ് അവയർനെസ്സ് പ്രോഗ്രാം, School Students ആയിട്ടുള്ളത് നടന്ന് വരുന്നു.
- എല്ലാ ശനിയാഴ്ചകളിലും സെമിനാറുകൾ നടന്നുവരുന്നു

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# മാനവികതയുടെ സുസ്ഥിതിക്കായി ഫ്രാൻസിസ് പാപ്പാ രചിച്ച പ്രാർത്ഥന

ആകാശവും ഭൂമിയും അതിലെ സകലത്തിനെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സ്നേഹമുള്ള ദൈവമേ, അങ്ങേ ദാനമായ ഈ ഭൂമിയുടെ ഭാഗമാണ് ഞങ്ങളും എന്ന ചിന്തയിൽ ജീവിക്കുവാൻ ഞങ്ങളുടെ മനസ്സു തുറക്കുകയും ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്യണമേ.

ക്ലേശപൂർണ്ണമായ ഈ സമയത്ത് ഞങ്ങളുടെ സഹോദരങ്ങൾക്ക് തുണയായി ജീവിക്കാൻ, വിശിഷ്യാ പാവങ്ങളും വ്രണിതരുമായവരെ സഹായിച്ചു ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

ലോകവ്യാപകമായ ഒരു മഹാമാരിയുടെ പ്രത്യാഘാതങ്ങളെ ക്രിയാത്മകമായി നേരിടുവാനും, ക്ലേശിക്കുന്നവരുമായി ഐക്യദാർഢ്യം പ്രകടമാക്കുവാനുമുള്ള കരുത്തും കഴിവും അങ്ങു ഞങ്ങൾക്കു നൽകണമേ. കാലികമായ ചുറ്റുപാടുകളിൽ പൊതുനന്മയ്ക്കായി നിലകൊള്ളുവാനും അതിനാവശ്യമായ മാറ്റങ്ങൾ ആശ്ലേഷിച്ചു ജീവിക്കുവാനുമുള്ള അവബോധം ഞങ്ങൾക്കു നൽകണമേ. സമൂഹത്തിൽ ഞങ്ങൾ സർവ്വോപരി പരസ്പരാശ്രിതരും പരസ്പരബന്ധമുള്ളവരുമാണെന്നു കൂടുതൽ മനസ്സിലാക്കട്ടെ. അങ്ങനെ ഭൂമിയുടെയും, ഒപ്പം പാവങ്ങളും എളിയവരുമായ ഞങ്ങളുടെ സഹോദരങ്ങളുടെയും കരച്ചിൽ കേൾക്കുവാനും, അതിനോടു പ്രതികരിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

ഇന്നു ഞങ്ങൾ ലോകത്ത് അനുഭവിക്കുന്ന യാതനകളും ക്ലേശങ്ങളും കൂടുതൽ സാഹോദര്യവും സുസ്ഥിതിയുമുള്ള ഒരു ഭൂമിയുടെ പുനർജനിക്കായുള്ള നൊമ്പരമായി മനസ്സിലാക്കുവാനും അംഗീകരിക്കുവാനും അങ്ങു ഞങ്ങളെ പ്രാപ്തരാക്കണമേ. ഈ പ്രാർത്ഥന പരിശുദ്ധകന്യകാനാഥയുടെ മാദ്ധ്യസ്ഥ്യത്താൽ ഞങ്ങളുടെ കർത്താവും രക്ഷകനുമായ ക്രിസ്തുനാഥനു ഞങ്ങൾ സമർപ്പിക്കുന്നു.

ആമേൻ

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.09.2020

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM



***"Mother Teresa, tireless worker of charity, pray for us, so that our criterion for action might be gratuitous love, offered freely to everyone without distinction of language, culture, race, or religion".***

***- Pope Francis***

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan